DESPATCHED 20/12/21
08/12/21



**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2561603, ഫാക്സ്: 0471 2330920**
**E-mail: sic.ker@nic.in**

**ഹർജി നമ്പർ AP No.661(3)/*2015/എസ്.ഐ.സി.***

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.4256/*എസ്.ഐ.സി-ജി 1/2015*)**

**ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

(തീയതി: 08-12-2021)

**ശ്രീ. മുരളീധരൻ പിള്ള,**
നിലാവ്, ആരംപുന്ന
ഇളമ്പൽ പി.ഒ, പുനലൂർ
കൊല്ലം, 691 322 — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്
   പുനലൂർ പോലീസ് സ്റ്റേഷൻ, കൊല്ലം 691 305
2. അപ്പീൽ അധികാരി & സർക്കിൾ ഇൻസ്പെക്ടർ ഓഫ് പോലീസ്
   പോലീസ് സർക്കിൾ ഇൻസ്പെക്ടറുടെ കാര്യാലയം,
   കൊല്ലം 691 305 — എതിർകക്ഷികൾ

**ഉത്തരവ്**

ഈ അപ്പീൽ ഹർജിയിൽ കമ്മീഷൻ 19-06-2019 ൽ ഉത്തരവ് പുറപ്പെടുവിച്ചി-രുന്നതാണ്. അതിൽ പറഞ്ഞിരുന്നത്, നിയമപരമായി നൽകാൻ ബാധ്യതയില്ലാത്തവ ഒഴികെയുള്ള ചോദ്യങ്ങൾക്കുള്ള വിവരങ്ങളും, രേഖകളും അപ്പീൽ ഹർജിക്കാരന് ഉത്തരവ് കൈപ്പറ്റി 20 ദിവസത്തിനുള്ളിൽ നൽകേണ്ടതാണ് എന്നായിരുന്നു. അതോടൊപ്പം ജി.ഡി

രേഖയിലുള്ള മറ്റു കേസുകളുടെ വിവരങ്ങൾ മറച്ചു വയ്ക്കുകയോ, കാണാൻ കഴിയാത്ത വിധത്തിൽ ആക്കുകയോ ചെയ്തുകൊണ്ട്, അപേക്ഷകൻ ആവശ്യപ്പെട്ട കേസിനെ സംബന്ധിക്കുന്ന വിവരങ്ങൾ ടിയാന് നൽകേണ്ടതാണ് എന്നും ഉത്തരവിൽ പറഞ്ഞിരുന്നു.

2. എന്നാൽ ഇപ്രകാരം ഒന്നാം എതിർകക്ഷി വിവരങ്ങളും, രേഖകളും നൽകിയില്ലായെന്നു ചൂണ്ടിക്കാട്ടി അപ്പീൽ ഹർജിക്കാരൻ 30-10-2019ൽ കമ്മീഷന് പരാതി നൽകുകയുണ്ടായി. ഉത്തരവ് കൈപ്പറ്റി കുറച്ചു നാളുകൾക്ക് ശേഷം പുനലൂർ പോലീസ് സ്റ്റേഷനിലെ റൈറ്റർ തന്നെ വിളിച്ച് ഉത്തരവിനെ സംബന്ധിച്ച് ചില അന്വേഷണം നടത്തിയെങ്കിലും, നാളിതുവരെ ഉത്തരവ് പാലിച്ചിട്ടില്ലെന്നും അപ്പീൽ ഹർജിക്കാരന്റെ പരാതി ഹർജിയിൽ പറയുന്നു.

3. ഇത് ബന്ധപ്പെട്ട എസ്.പി.ഐ.ഒ യുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ വീഴ്ചയും, അച്ചടക്ക ലംഘനവുമായി കമ്മീഷൻ വിലയിരുത്തുന്നു. അതിന്റെ അടിസ്ഥാനത്തിൽ 19-06-2019 ലെ കമ്മീഷൻ ഉത്തരവ് കൈപ്പറ്റിയ പുനലൂർ പോലീസ് സ്റ്റേഷനിലെ എസ്.പി.ഐ.ഒ യെ കമ്മീഷൻ വിവരാവകാശ നിയമം 20(1) വകുപ്പ് പ്രകാരം ശിക്ഷിക്കാൻ തീരുമാനിക്കുന്നു. ശിക്ഷ ഏർപ്പെടുത്താതിരിക്കാൻ കാരണങ്ങളുണ്ടെങ്കിൽ, ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം കമ്മീഷനെ നേരിട്ടോ, രേഖാമൂലമോ അറിയിക്കേണ്ടതാണ്. വിശദീകരണമൊന്നും മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ ലഭിക്കുന്നില്ല എങ്കിൽ, ടിയാന് ഇക്കാര്യത്തിൽ പുതുതായൊന്നും ബോധിപ്പിക്കാനില്ലാ എന്ന നിഗമനത്തിൽ കമ്മീഷൻ ശിക്ഷാ നടപടികളുമായി മുന്നോട്ടു പോകുന്നതായിരിക്കും. പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ സ്ഥലം മാറിപോവുകയോ, സർവ്വീസിൽ നിന്നു വിരമിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, ടിയാന്റെ പക്കൽ നിന്നും വിശദീകരണം വാങ്ങി കമ്മീഷന് ലഭ്യമാക്കേണ്ട ചുമതല പുനലൂർ പോലീസ് സ്റ്റേഷനിലെ നിലവിലെ എസ്.പി.ഐ.ഒ ക്ക് ആയിരിക്കും.

4. മേൽ പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേ ദിവസം ഡിസംബർ 8, 2021 ന് താല്ക്കാലിക ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഒപ്പ്)**
**കെ.വി.സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

pre